# Malayala Manorama
# 28 August 2018
# Kakkanad, After Flood, Schools will Reopen



# പ്രളയ പാഠം കഴിഞ്ഞു, ഇനി പഠനകാലം

■ ക്യാംപുകൾ പ്രവർത്തിച്ചിരുന്ന 230 സ്കൂളുകളും സജ്ജം

കാക്കനാട് • വെള്ളപ്പൊക്കം ബാധിച്ചതും ദുരിതാശ്വാസ ക്യാംപുകൾ പ്രവർത്തിച്ചിരുന്നതുമായ എല്ലാ സ്കൂളുകളും അധ്യയനത്തിനു സജ്ജമായതായി വിദ്യാഭ്യാസ ഡപ്യൂട്ടി ഡയറക്ടർ സി.എ. സന്തോഷ് പറഞ്ഞു. ഓണാവധി കഴിഞ്ഞു സ്കൂളുകൾ നാളെ തുറക്കും.

230 സ്കൂളുകളിലാണു ദുരിതാശ്വാസ ക്യാംപുകൾ പ്രവർത്തിച്ചിരുന്നത്. 117 സ്കൂളുകളിൽ വെള്ളം കയറിയിരുന്നു. ശുചീകരണവും ഇതര ജോലികളും ഏറെക്കുറെ പൂർത്തിയായി. വിദ്യാഭ്യാസ വകുപ്പ് അഡീഷനൽ ഡയറക്ടർ ജെസി ജോസഫ് ജില്ലയിൽ ക്യാംപ് ചെയ്താണു സ്കൂളുകളുടെ ശുചീകരണം ഉൾപ്പെടെയുള്ള നടപടികൾക്കു മേൽനോട്ടം വഹിച്ചത്.

30 ടീമുകളായാണു ശുചീകരണത്തിനു ഉദ്യോഗസ്ഥർ രംഗത്തിറങ്ങിയത്. ശുചീകരണ സാമഗ്രികളും മറ്റും ആരോഗ്യ വകുപ്പ് നൽകിയിരുന്നു. സ്കൂളുകളിൽ കുടിവെള്ളം, ശുചിമുറി സൗകര്യങ്ങൾ പരമാവധി ഉറപ്പാക്കിയിട്ടുണ്ട്. ചില മേഖലകളിൽ വൈദ്യുതി പുനഃസ്ഥാപിക്കാത്തതു സ്കൂളുകളെയും ബാധിക്കും. സെപ്റ്റിക് ടാങ്കുകൾക്കു കേടുപാടുകൾ സംഭവിച്ചതുൾപ്പെടെയുള്ള പ്രശ്നങ്ങൾ പരിഹരിക്കാനുണ്ട്.

വെള്ളപ്പൊക്കത്തിൽ മുങ്ങിയ ചേന്ദമംഗലം വലിയ പഴമ്പിള്ളിത്തുരുത്ത് ധർമ പോഷിണി സഭ എൽപി സ്കൂളിലെ ശുചീകരണം വിലയിരുത്താനെത്തിയ കലക്ടർ മുഹമ്മദ് സഫിറുല്ല നനഞ്ഞു കുതിർന്ന പുസ്തക കുമ്പാരത്തിനു സമീപം.